## കേരള സർക്കാർ

നമ്പർ. 17484/ആർ.ഡി.3/13/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

തിരുവനന്തപുരം, തീയതി: 20.05.2013

# സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - നിയമപരമായി ദത്തെടുക്കാത്ത കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന :- സ. ഉ (സാധാ) നം. 2143/12/തസ്വഭവ തീയതി 04-08-2012.

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം ദത്തെടുക്കപ്പെട്ട് നാളിതുവരെ ജനനം രജിസ്റ്റർ ചെയ്യാൻ കഴിയാതിരുന്ന കുട്ടികളുടെ ജനനം മാതാപിതാക്കളുടെ സ്ഥിര മേൽവിലാസമുൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാനും പ്രസ്തുത സ്ഥലം ജനന സ്ഥലമായി രേഖപ്പെടുത്തുന്നതിനും അനുമതി നൽകിയിരുന്നു. എന്നാൽ ദത്തെടുക്കപ്പെട്ടതായി തെളിയിക്കുന്ന രേഖകൾ ലഭ്യമല്ലാത്ത കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് ചില സാങ്കേതിക തടസ്സങ്ങൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ താഴെപ്പറയുന്ന സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

നിയമപരമായി ദത്തെടുത്തതായി തെളിയിക്കുന്ന രേഖകളുടെ അഭാവത്തിൽ ടി കുട്ടികളുടെ ഭാവിജീവിതവും മാനസികാവസ്ഥയും കണക്കിലെടുത്ത് 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ടിലെ 13 (3)-ാം വകുപ്പ് അനുസരിച്ചും, 1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 9 (3) അനുസരിച്ചും Delayed Registration നടത്താവുന്നതാണ്. അഥവാ എസ്. എസ്. എൽ. സി ബുക്കിലും, റേഷൻ കാർഡിലും, വോട്ടർ ഐ. ഡി. കാർഡിലും, ആധാർ കാർഡിലും മറ്റുമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇനിപ്പറയുന്ന നിരീക്ഷണം നടത്തിയും രജിസ്ട്രേഷൻ നടത്താവുന്നതാണ്. 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ടിലെ ജനനവും മരണവും രജിസ്റ്ററിൽ ചേർക്കുന്നതും രജിസ്ട്രാക്കുന്നതും സംബന്ധിച്ച് 7 (2)-ാം വകുപ്പിൽ ഇതു സംബന്ധിച്ച് ഒരു രജിസ്ട്രാർ കൈക്കൊള്ളേണ്ട നടപടികൾ രണ്ട് പാദമായാണ് പറയുന്നത്. ആദ്യ പാദത്തിൽ ടി ആക്ടിലെ 8, 9 വകുപ്പുകൾ പ്രകാരം ലഭിക്കുന്ന വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുക എന്നതും, രണ്ടാം പാദത്തിൽ രജിസ്ട്രാറുടെ സ്വന്തം അധികാരപരിധിയിൽ വരുന്ന ജനന മരണങ്ങൾ സ്വയമേവ രജിസ്റ്ററിൽ ചേർക്കുക എന്നതുമാണ്. ഇതിനുപോൽബലകമായി 1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 11 (2) ൽ അനുശാസിക്കും വിധം ഇതു സംബന്ധിച്ച് ഉത്തമ അറിവുള്ള 2 credible persons - ൽ നിന്നും declaration വാങ്ങിയും ഒരു തീരുമാനം ഈ വിഷയത്തിൽ രജിസ്ട്രാർക്ക് കൈക്കൊള്ളാവുന്നതും ജനനം രജിസ്റ്റർ ചെയ്യാവുന്നതുമാണെന്ന് ഇതിനാൽ വ്യക്തമാക്കുന്നു.

**വി. എസ്. സെന്തിൽ**
(പ്രിൻസിപ്പൽ സെക്രട്ടറി)

1. ജനന മരണ രജിസ് ട്രാർ ആന്റ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തിരുവനന്തപുരം.
3. എല്ലാ ജനന-മരണ രജിസ്ട്രാർമാർക്കും (ചീഫ് ജനന-മരണ രജിസ്ട്രാർ മുഖേന).
4. ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
5. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
6. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
7. ഡയറക്ടർ, ഐ ആന്റ് പിആർഡി (പത്രമാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്).
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ